# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2476 — 12/06/2018-ൽ മറുപടിക്ക്

## കാലവർഷക്കെടുതികളിൽ വൈദ്യുതി തൂണുകളുടെ നാശം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ. ദാസൻ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കാലവർഷക്കെടുതികളിൽ വൈദ്യുതി തൂണുകൾ വ്യാപകമായി മറിഞ്ഞു വീഴുകയാണെങ്കിൽ ആയത് അടിയന്തരമായി പുന:സ്ഥാപിക്കാൻ ആവശ്യമായ വൈദ്യുതി തൂണുകൾ സംസ്ഥാനത്തെ എല്ലാ ഡിവിഷനുകളിലും സജ്ജമാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ; | (എ) | കാലവർഷത്തിന്റെ മുൻകരുതലിനുൾപ്പെടെ 2018-19 പ്ലാൻ അനുസരിച്ച് എല്ലാ ഇലക്ട്രിക്കൽ സർക്കിളുകൾക്കും വൈദ്യുതി തൂണുകൾ ലഭ്യമാക്കുവാൻ മുൻകൂറായി പർച്ചേസ് ഓർഡറുകൾ നൽകി കഴിഞ്ഞു. ഇലക്ട്രിക്കൽ സെക്ഷനുകളുടെ ആവശ്യാനുസരണം മേൽപ്പറഞ്ഞ ഓർഡറുകളിൽ നിന്നും മുൻകൂറായി പോസ്റ്റുകൾ വാങ്ങുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | കാറ്റിലും മഴയിലും തകരാറിലാകുന്ന വൈദ്യുതി ബന്ധം പുന:സ്ഥാപിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി. മുൻകരുതലായി നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. മഴക്കാലം തുടങ്ങുന്നതിനു മുൻപ് പ്രീ മൺസൂൺ മെയിന്റനൻസ് പ്രവൃത്തികളായ എൽ.റ്റി/എച്ച്.റ്റി ലൈൻ ടച്ചിംഗ് എടുക്കുക, ലൈനുകളിലും പ്രതിഷ്ഠാപനങ്ങളിലും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുക തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് ബ്രേക്ക്ഡൗൺ വിഭാഗം നിലവിലുണ്ട്. ശക്തമായ മഴയും കാറ്റും മൂലം വ്യാപകമായ നാശനഷ്ടങ്ങൾ ഒരു സെക്ഷന്റെ പരിധിയിൽ ഉണ്ടാകുന്ന അവസരങ്ങളിൽ ടി സെക്ഷനിലെ ജീവനക്കാരെ കൂടാതെ മറ്റു സമീപ സെക്ഷനുകളിലെ ജീവനക്കാരെയും, പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യുന്ന ആൾക്കാരെയും ഉപയോഗപ്പെടുത്തി വൈദ്യുതി തടസ്സങ്ങൾ ദ്രുതഗതിയിൽ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കൊയിലാണ്ടി മണ്ഡല പരിധിയിൽ അപകടാവസ്ഥയിലാണെന്ന് പരാതി കിട്ടിയ /പരിശോധനയിൽ കണ്ടെത്തിയ എല്ലാ വൈദ്യുതി തൂണുകളും മാറ്റി സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടോ; | (സി) | ഉണ്ട്. കൊയിലാണ്ടി മണ്ഡലത്തിന്റെ പരിധിയിൽ പരാതി ലഭിച്ചിട്ടുള്ളതും, പരിശോധനയിൽ കണ്ടെത്തിയതും, മഴക്കെടുതിയിൽ പൊട്ടിപ്പോയതുമായ 100 |

(..2)

| | | | |
|---|---|---|---|
| | ഉണ്ടെങ്കിൽ എത്രയെണ്ണം; ഏതെങ്കിലും ബാക്കിയുണ്ടോ; വ്യക്തമാക്കുമോ? | | വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇനി അപകടാവസ്ഥയിൽ ഉള്ള പോസ്റ്റുകൾ കണ്ടെത്തുകയോ പരാതി ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് അവ മാറ്റി സ്ഥാപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ